# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/137/2017 പത്രക്കുറിപ്പ് 2017 ജൂലായ് 1

**അപേക്ഷാ തീയതി**

2016 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം. എസ്‌സി. സ്പേസ് സയൻസ് ആന്റ് ടെക്നോളജി (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയിൽ ഹാജരായവർക്ക് രണ്ടാം സെമസ്റ്റർ എം. എസ്‌സി. സ്പേസ് സയൻസ് ആന്റ് ടെക്നോളജി (2016 അഡ്മിഷനു മുൻപുള്ള സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷകൾക്ക് ജൂലൈ 5 വരെ പിഴയില്ലാതെ അപേക്ഷിക്കാം.

**പ്രാക്ടിക്കൽ, പ്രൊജക്ട് ഇവാല്യൂവേഷൻ, വൈവാവോസി.**

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ. ഇക്കണോമിക്സ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രൊജക്റ്റ് മൂല്യനിർണ്ണയം, വൈവാ വോസി എന്നിവ ജൂലായ് 6 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ മലയാളം (സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ/2012 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രൊജക്റ്റ് മൂല്യനിർണ്ണയം, വൈവാ വോസി എന്നിവ ജൂലായ് 3 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. മാത്തമാറ്റിക്സ് (സി. എസ്. എസ്. - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രൊജക്റ്റ് മൂല്യനിർണ്ണയം, വൈവാ വോസി എന്നിവ ജൂലായ് 10 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എസ്‌സി. ബയോടെക്നോളജി (മൈക്രോ ബയോളജി കോംപ്ലിമെന്ററി- സി. ബി. സി. എസ്. എസ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 11 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം അഡ്മിനിസ്ട്രേഷൻ (സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ/2012 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 5 മുതൽ 7 വരെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലും പത്തനംതിട്ട കാത്തോലിക്കേറ്റ് കോളേജിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

തൃപ്പൂണിത്തുറ ആർ. എൽ. വി കോളേജിൽ 2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ മ്യൂസിക് - മൃദംഗം (സി. എസ്. എസ് - റഗുലർ /സപ്ലിമെന്ററി)) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 4 മുതൽ 6 വരെ കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ആഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. ഫിസിക്സ് (സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 15 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. ഹോട്ടൽ മാനേജ്മെന്റ് ആന്റ് ടൂറിസം (റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 12 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്. ഡബ്ല്യൂ (പി. ജി. സി. എസ്. എസ് - റഗുലർ), 2016 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്. ഡബ്ല്യൂ (പി. ജി. സി. എസ്. എസ് - സപ്ലിമെന്ററി)) എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 16 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടും 2017 ജനുവരിയിൽ നടത്തിയ മൂന്നും സെമസ്റ്റർ എം. എസ്സി. സ്റ്റാറ്റിസ്റ്റിക്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 15 വരെ സ്വീകരിക്കും.

**പി. എച്ച്. ഡി അഭിരുചി പരീക്ഷാഫലം**

ജൂൺ 24 ന് നടത്തിയ 2017 ലെ പി. എച്ച്.ഡി അഭിരുചി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഫലം www.Phd.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ജൈവകൃഷിയിലൂടെ ഗ്രാമ്യ നന്മകൾക്ക് പുനർജനി : എൻ. രാമചന്ദ്രൻ ഐ. പി. എസ്.**

സമ്പൂർണ്ണ ജൈവകൃഷി പ്രവർത്തിപഥത്തിലെത്തുമ്പോൾ ഗ്രാമ്യനന്മകൾക്ക് പുനർജനി ലഭിക്കുമെന്ന് കോട്ടയം ജില്ലാ പോലീസ് മേധാവി എൻ. രാമചന്ദ്രൻ ഐ. പി. എസ് പറഞ്ഞു.

ജൈവ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാലാ നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കായി അമലഗിരി ബി. കെ. കോളേജിൽ നടക്കുന്ന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ നൂറ്റാണ്ടിൽ അനുഭവപ്പെട്ട ഭീകരപട്ടിണിയെ തുടർന്നുണ്ടായ ശാസ്ത്ര ഇടപെടലുകളാണ് ഭക്ഷണ സുരക്ഷിതത്വം കൈവരിക്കാനിടയാക്കിയത്. എന്നാൽ രാസവളത്തിന്റെയും കീടനാശിനികളുടെയും അമിത ഉപയോഗവും, ഉപഭോഗ സംസ്കാരവും മണ്ണിനെ ഊഷരമാക്കി. മണ്ണിനെയും പ്രകൃതിയെയും വിഷമുക്തമാക്കാൻ ദീർഘകാല പദ്ധതികൾ അനിവാര്യമാണെന്നും രാമചന്ദ്രൻ പറഞ്ഞു. സിൻഡിക്കേറ്റംഗം ഡോ. അജി. സി. പണിക്കർ, കെ.വി. ദയാൽ, ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രികുമാർ, താലൂക്ക് കോ-ഓർഡിനേറ്റർമാരായ തോമസ്കുരുവിള, രേഷ്മ റേച്ചൽ കുരുവിള, എൻ. എസ്. എസ്. റീജിയണൽ ഡയറക്ടർ ജി. പി. സജിത് ബാബു, സംസ്ഥാന എൻ. എസ്. എസ്. ലെയസൺ ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ, ഡോ. റസീന പത്മം, ഡോ. എ. പി. തോമസ്, അനിൽകുമാർ രാഘവൻ പിള്ള, ഡോ. വി. ആർ ജയകുമാർ, കെ. സി. അനീഷ്കുമാർ, സിസ്റ്റർ കരോളിൻ, ദിയ ഫിലിപ്പ്, ഡോ. മിനി തോമസ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

അമലഗിരി ബി. കെ. കോളേജിൽ ജൈവ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കായി നടത്തുന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം കോട്ടയം ജില്ലാ പോലീസ് മേധാവി എൻ. രാമചന്ദ്രൻ ഐ. പി. എസ് നിർവ്വഹിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**